"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഡെപ്യൂട്ടി ഡയറക്ടർ/ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികളിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/ നിയമനം നടത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1157/2024/TAXES തീയതി,തിരുവനന്തപുരം, 24-12-2024

---

പരാമർശം:- 1. 12.11.2024-ലെ TAXES-H1/202/2024-TAXES പ്രകാരം വിജ്ഞാപനം ചെയ്ത 2024-ലെ സപ്ലിമെന്റൽ സെലക്ട് ലിസ്റ്റ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 06.12.2024 ലെ SLTY/2921/2024-E2 നമ്പർ കത്ത്

**ഉത്തരവ്**

(1) കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസിൽ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ ഓഫീസറായി അന്യത്ര സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. എ. നൗഷാദ് (PEN: 310108)-നെ അന്യത്ര സേവനം അവസാനിപ്പിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നു.

(2) പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്ത 2024-ലെ സപ്ലിമെന്റൽ സെലക്ട് ലിസ്റ്റിന്റെയും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശയുടെയും അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ചുവടെപ്പറയുന്ന സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(I). ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 63,700-1,23,700 ശമ്പള സ്കെയിലിൽ ചുവടെ ചേർക്കും പ്രകാരം സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം (1) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി ബി.കെ. വിജയലക്ഷ്മി (PEN: 310194)-യെ കോഴിക്കോട് ആഭ്യന്തര ഭാഗ്യക്കുറി ഓഡിറ്റ് വിഭാഗം ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

**(II). ഭരണപരമായ സൗകര്യവും പൊതു താല്പര്യവും മുൻനിർത്തി ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ ചുവടെപ്പറയും പ്രകാരം സ്ഥലംമാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. അന്യത്ര സേവനം അവസാനിപ്പിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ തിരികെ പ്രവേശിക്കുന്ന ശ്രീ. നൗഷാദ് (PEN: 310108)-നെ പത്തനംതിട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ (HQ) (സമ്മാന വിഭാഗം) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. മിത്ര ഡി.എസ്. (പെൻ: 310107)-നെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസിൽ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ ഓഫീസർ തസ്തികയിൽ അന്യത്ര സേവനം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിയമിക്കുന്നു.
3. ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.ബി. വിനോദ് (പെൻ:310284)-നെ മേൽ ഖണ്ഡിക 2(I) പ്രകാരം ശ്രീമതി ബി.കെ. വിജയലക്ഷ്മിക്ക് സ്ഥാനക്കയറ്റം നല്കുമ്പോൾ പാലക്കാട് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.
4. തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ. എസ്. രാജേഷ് കുമാർ (പെൻ: 310148)-നെയും കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി. സജിത വി.എസ്. (പെൻ:310144)-നെയും പരസ്പരം മാറ്റി നിയമിക്കുന്നു.

**(III). ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ 56,500-1,18,100 ശമ്പള സ്കെയിലിൽ ചുവടെപ്പറയും പ്രകാരം സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. സീനിയർ മോസ്റ്റ് അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.വി.എസ്. അജിത് കുമാർ (പെൻ: 310160)-ന് സ്ഥാനക്കയറ്റം നല്കി മേൽ ഖണ്ഡിക 2(II)(3) പ്രകാരം ശ്രീ. പി.ബി. വിനോദിനെ സ്ഥലം മാറ്റുമ്പോഴുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.
2. സീനിയർ സൂപ്രണ്ട് ശ്രീമതി എസ്. ഗീതദേവി (പെൻ: 310149)-യെ മേൽ ഖണ്ഡിക (2)(II)(2) പ്രകാരം ശ്രീമതി മിത്ര ഡി.എസ്. ന്

അന്യത്ര സേവനം അനുവദിക്കുമ്പോൾ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ (HQ) (സമ്മാന വിഭാഗം) തസ്തികയിലുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി ( **TAXES-H1/340/2024-TAXES** )

ഉത്തരവിൻ പ്രകാരം

Signed by
Sivakumar V
Date: 24-12-2024 16:05:00

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്